" ഭരണഭാഷ – മാതൃഭാഷ "


എസ്. ഉണ്ണികൃഷ്ണൻ ഐ എഫ് എസ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
കോതമംഗലം ഡിവിഷൻ,
കോതമംഗലം – 686 691
ഫോൺ: 0485 - 2822317 (O)
2851731 (R)
Fax No. 0485 - 2822317
*E-mail: dfo-kglm.for@kerala.gov.in*


A3 - 2714/16

തീയതി: 13.06.2018

എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇലക്ട്രിക്കൽ ഡിവിഷൻ
വൈദ്യുതി ഭവൻ
തൊടുപുഴ

സർ,

വിഷയം : ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പുലികാവ് ഭാഗത്തെ വൈദ്യുതീകരണത്തിനായി 0.5964 ഹെക്ടർ വനഭൂമി ഉപയോഗിക്കുന്നതിന് അനുമതി - നൽകുന്നത് - സംബന്ധിച്ച്.

സൂചന : GO(Rt) NO.254/2018/F&WLD dated 29.05.18.

മേൽ വിഷയത്തിലേയ്ക്കും സൂചന ഉത്തരവിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. തൊടുപുഴ വനം റെയിഞ്ചിന്റെ പരിധിയിൽ വരുന്ന പുലികാവ് പ്രദേശത്ത് വൈദ്യുതീകരണത്തിനായി 0.5964 ഹെക്ടർ വനഭൂമി ഉപയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ടു സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം യൂസർ ഏജൻസി Net Present Value ഒടുക്കേണ്ടതുണ്ട്. ഹെക്ടറിന് 10.43 ലക്ഷം രൂപ നിരക്കിൽ 0.5964 ഹെക്ടറിന് 6,22,045/- രൂപ (ആറു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി നാൽപത്തി അഞ്ച് രൂപ മാത്രം) യാണ് യൂസർ ഏജൻസി NPV ഒടുക്കേണ്ടത്. ടി തുക കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഫോറസ്റ്റ് ക്ലിയറൻസ് സംബന്ധിച്ച ഔദ്യോഗിക വെബ്സൈറ്റ് മുഖേന ഓൺലൈനായി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. കൂടാതെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് 500/- രൂപ മുദ്രപത്രത്തിൽ സമ്മതപത്രവും സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കോതമംഗലം

Scanned by CamScanner